# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T 1507** 11.02.2013- ൽ

മറുപടിനല്കാനുണ്ടായിരുന്നത്

### പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയിൽ കൃഷി വകുപ്പിന് നീക്കിവെച്ച തുക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.ദിവാകരൻ | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയുടെ ആദ്യവർഷമായ 2012-2013 -ൽ കൃഷി വകുപ്പിന് എത്ര തുകയാണ് പദ്ധതിയിനത്തിൽ നീക്കിവച്ചിട്ടുള്ളത്; | (എ) പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയുടെ ആദ്യവർഷമായ 2012-2013- ൽ വിളപരിപാലനത്തിനായി 272.99 കോടി രൂപയും കാർഷിക വിപണനത്തിനും മറ്റു പരിപാടികൾക്കുമായി 390.75 കോടി രൂപയും. |
| (ബി) ഇത് ആകെ പദ്ധതി തുകയുടെ എത്ര ശതമാനം വരും; | (ബി) ഇത് ആകെ പദ്ധതിതുകയുടെ 4.74 ശതമാനമാണ്. |
| (സി) നീക്കിവയ്ക്കപ്പെട്ട തുകയിൽ എന്ത് തുക ഓരോ പദ്ധതിക്കും അനുവദിച്ചുകൊണ്ട് ഉത്തരവായി; വ്യക്തമാക്കുമോ; | (സി) 2012-13 കാലയളവിൽ വിളപരിപാലനത്തിനായി 18 പദ്ധതികൾക്കും കാർഷകവിപണനത്തിനും മറ്റു പരിപാടികൾക്കുമായി 7 പദ്ധതികൾക്കും തുക വകയിരുത്തിയിട്ടുണ്ട്. ഓരോപദ്ധതികൾക്കും അനുവദിച്ച തുക സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) പദ്ധതി നടത്തിപ്പിന്റെ അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ഡി)2013-14-ലേക്കുള്ള വാർഷിക പദ്ധതി രൂപീകരണ സമയത്ത് പദ്ധതി നടത്തിപ്പ് സംബന്ധിച്ചുള്ള അവലോകനം നടത്തിയിട്ടുണ്ട്. എല്ലാ മാസവും കൃഷി ഡയറക്ടർ വീഡിയോകോൺഫറൻസ് മുഖേനയും, കൃഷിവകുപ്പ് സെക്രട്ടറി, കാർഷികോൽപാദന കമ്മീഷണർ, ബഹു.കൃഷി വകുപ്പ് മന്ത്രി എന്നിവർ ജില്ലാ കൃഷി ആഫീസർമാരെ നേരിട്ട് വരുത്തിയും പദ്ധതി അവലോകനംനടത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ആയതിന്റെ ഫലമായി 93.22% പദ്ധതി വിഹിതവും 2012-13ൽ ചെലവഴിക്കുവാൻ തീരുമാനിച്ചു. |

സെക്ഷൻ ഓഫീസർ